(സി) ഫിസിക്സ്, ഹിന്ദി, ഇംഗ്ലീഷ്, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ റാങ്ക് ലിസ്റ്റ് എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.. വിഭാഗങ്ങളിൽ നിലവിലുണ്ടോ ;

(ഡി) എത്രപേരുടെ റാങ്ക് ലിസ്റ്റാണ് ഓരോ വിഭാഗത്തിലും നിലവിലുള്ളതെന്ന് ജനറൽ വിഭാഗം, എസ്.സി./ എസ്.ടി. വിഭാഗം, മറ്റ് സംവരണ വിഭാഗം ഇനം തിരിച്ച് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എക്സൈസ് ഇൻസ്പെക്ടറുടെ ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) HSST (ഇംഗ്ലീഷ്), VHSE (ഇംഗ്ലീഷ്), VHSE (ഫിസിക്സ്), VHSE (കെമിസ്ട്രി) എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

(ഡി) വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

അനുബന്ധം -3

(2014-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിനെ സംബന്ധിച്ച നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി മേശപ്പുറത്തുവച്ച പ്രസംഗം)

വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 18 ലക്ഷം പ്രവാസികളിലൂടെ ഓരോ വർഷവും 90,000 കോടി രൂപയാണ് സംസ്ഥാനത്തെത്തുന്നത്. എന്നാൽ നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ നിന്ന് ഇവരെ അകറ്റി നിർത്തുന്ന സ്ഥിതിയാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇതുമാറ്റി അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ വിദേശത്തുനിന്നുതന്നെ ഇവരുടെ ഹിതം രേഖപ്പെടുത്താൻ അവസരം നൽകണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴും മുൻ യു.പി.എ. സർക്കാരിന്റെ കാലത്തും ശ്രീ. എ. കെ. ആന്റണി ഇതിനായി നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായി ഇപ്പോൾ ലോകസഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർപട്ടികയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രവാസികൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരം ലഭിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ചെയ്യാൻ പ്രവാസികൾക്ക് അവസരം നൽകുകയാണ്. അതേസമയം ഇവരുടെ വോട്ടവകാശം എങ്ങനെ വിനിയോഗിക്കണമെന്നകാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഓൺലൈൻ വഴി വോട്ട് രേഖപ്പെടുത്തുക, അതാത് രാജ്യത്തെ എംബസിയിൽ വോട്ട് രേഖപ്പെടുത്താൻ സൗകര്യം ചെയ്യുക, പ്രവാസികൾ നിർദ്ദേശിക്കുന്നയാൾ ഇവിടത്തെ ബൂത്തിൽ വോട്ട് രേഖപ്പെടുത്തുക എന്നീ നിർദ്ദേശങ്ങളാണ് മുന്നിലുള്ളത്. പ്രവാസികൾ പൂർണ്ണമായും കമ്പ്യൂട്ടർ സാക്ഷരരല്ല എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഓൺലൈൻ വോട്ടിംഗ് സമ്പ്രദായം ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല, ഇതിനായി പ്രത്യേക തയ്യാറെടുപ്പുകൾ ചെയ്യേണ്ടതുമുണ്ട്. എംബസിയിൽ വോട്ട് രേഖപ്പെടുത്തുന്നതിന് അതാത് രാജ്യങ്ങളുടെ പ്രത്യേക അനുമതി ആവശ്യമാണ്. മാത്രമല്ല, എംബസിയിലെ ജീവനക്കാരെ ഇതിനായി വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി വേണം. മാത്രമല്ല, തദ്ദേശ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്താകെ 20,000 -ലധികം ബൂത്തുകളുണ്ടാവും. ഇത്രയും ബൂത്തുകളിൽ വോട്ട ചെയ്യുന്നതിനായി എംബസിയിൽ ബാലറ്റ് പെട്ടി ക്രമീകരിക്കുവാൻ പ്രായോഗികമായി പ്രയാസമുണ്ട്. ഈ സാഹചര്യത്തിൽ പ്രവാസികൾ ചൂണ്ടിക്കാട്ടുന്നയാൾക്ക് അതാത് നിയോജകമണ്ഡലത്തിലെ ബൂത്തിൽ വോട്ട് രേഖപ്പെടുത്താൻ അവസരം നൽകുന്നതായിരിക്കും കൂടുതൽ ഉചിതം. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തി അഭിപ്രായ സമന്വയമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന വിധം ക്രമീകരണങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ജനപ്രാതിനിധ്യ നിയമത്തിൽ കേന്ദ്രം കൊണ്ടുവന്ന ഭേദഗതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ചട്ടം 77-ൽ 'എ' എന്ന ഉപവകുപ്പുകൂടി ചേർക്കുന്നതിനുള്ള ഭേദഗതിയാണ് സർക്കാർ കൊണ്ടുവരുന്നത്. ഇതനുസരിച്ച് നിയമങ്ങൾ ഉടൻ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

നഗരങ്ങളിൽ വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസിന് 35 വർഷമായി അശാസ്ത്രീയമായ ഫീസ് നിരക്കാണ് ഈടാക്കിവരുന്നത്. നിലവിലെ രീതിയനുസരിച്ച് ചെറിയ പെട്ടിക്കടകൾക്കുപോലും പ്രതിവർഷം 3000-4000 രൂപ ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥിതിയുണ്ടായി. നഗരസഭകളുടെ നിരന്തരമായ

ആവശ്യവും വ്യാപാരികളുടെ ആക്ഷേപവും കണക്കിലെടുത്ത് ഫീസ് നിരക്കിലെ അസമത്വവും ലൈസൻസ് സമ്പ്രദായത്തിലെ പോരായ്മകളും മാറ്റുന്നതിനാണ് പുതിയ ബിൽ കൊണ്ടുവരുന്നത്. ഇതനുസരിച്ച് ചെറിയ പെട്ടിക്കടകളുടെ ഫീസ് നിരക്ക് ഭീമമായ തുകയിൽ നിന്ന് 300-400 രൂപയിലേക്ക് കൊണ്ടുവരുന്നതിനും വലിയ വാണിജ്യ സ്ഥാപനങ്ങൾക്കും വ്യവസായശാലകൾക്കും അതിനനുസരിച്ചുള്ള ഫീസ് നിരക്ക് നിശ്ചയിക്കുന്നതിനും വഴിയൊരുങ്ങുകയാണ്.

സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, ബിഗ്ബസ്സാർ, മേൽത്തരം മാർജിൻ ഫ്രീ ഷോപ്പ്, സ്വർണ്ണ വ്യാപാരം തുടങ്ങിയവയ്ക്ക് പോലും നിലവിൽ പരമാവധി 150 രൂപ വരെയായിരുന്ന ലൈസൻസ് ഫീസ്. അതേസമയം കച്ചവട സ്ഥാപനങ്ങളിലെ ഓരോ ഇനത്തിലും പ്രത്യേകം പ്രത്യേകം ഫീസ് കണക്കാക്കി മൊത്തം കൂട്ടിക്കിട്ടുന്ന തുക ലൈസൻസ് ഫീസ് ആയി ഈടാക്കിയപ്പോൾ പലതരം സാധനങ്ങൾ വിൽപ്പന നടത്തുന്ന പെട്ടിക്കടകൾക്കും മറ്റും വലിയ തുക ഫീസ് നൽകേണ്ടി വന്നു. ഉദാഹരണത്തിന് ബിസ്കറ്റ്, റൊട്ടി, കുപ്പിവണ്ടി, കർപ്പൂരം, മിഠായികൾ, കറിക്കൂട്ട് സാധനങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്ന പെട്ടിക്കടയ്ക്ക് ഓരോ ഇനത്തിനും വെവ്വേറെ ഫീസ് ഈടാക്കുമ്പോൾ വലിയ തുകയാണ് ഫീസ് വന്നത്. ഈ വിധത്തിൽ ഫീസ് കണക്കാക്കുമ്പോൾ ചെറിയ പെട്ടിക്കടകൾക്കുപോലും 3,000-നും 4,000-നുമിടയിൽ പ്രതിവർഷം ലൈസൻസ് ഫീസ് നൽകേണ്ടതായി വന്നു. തീർത്തും അശാസ്ത്രീയമായ ഫീസ് നിരക്ക് വ്യാപാരികളിൽനിന്ന് വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കി. ഫീസ് ചുമത്തുന്നതിൽ നഗരസഭകളിൽ ഏകീകരണമില്ലാത്തതിനാൽ ഒരേ സ്വഭാവമുള്ള കടകൾക്ക് അടുത്തടുത്ത നഗരസഭകളിൽ വ്യത്യസ്തമായ ഫീസ് ഈടാക്കുകയും ചെയ്തു. മാത്രമല്ല, പാൽ, കർപ്പൂരം, മെഴുകുതിരി, കുപ്പിവണ്ടി തുടങ്ങിയവ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കും പടക്കനിർമ്മാണശാലകൾ ഉൾപ്പെടെയുള്ളവയ്ക്കും ഡേഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കുമുള്ള ലൈസൻസ്) എന്ന പേരിലാണ് ലൈസൻസ് നൽകിവന്നത്. ഫീസ് നിരക്കിലെ അശാസ്ത്രീയതകളും നാമത്തിലെ വൈരുദ്ധ്യവും പലപ്പോഴും പലവിധ ആക്ഷേപങ്ങൾക്കും വഴിയൊരുക്കി. ഇതേത്തുടർന്ന് 2011-ൽ അന്നത്തെ സർക്കാർ കൊണ്ടുവന്ന ചട്ടങ്ങളിലെ ഭേദഗതി 25-01-2011 മുതൽ ആദ്യം രണ്ടുവർഷത്തേക്കും തുടർന്ന് ആറുമാസം വീതവും സ്റ്റേ ചെയ്തുവരികയാണ്. ചട്ടങ്ങൾ പരിഷ്കരിക്കാതെ ഈ പ്രശ്നങ്ങൾക്കൊന്നും പരിഹാരമുണ്ടാക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്. മുനിസിപ്പൽ ആക്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

447, 448 വകുപ്പുകളിലാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നത്. ഇതനുസരിച്ച് ചെറുതും വലുതുമായ കടകൾക്കും ഫാക്ടറികൾക്കുമെല്ലാം നൽകുന്ന ലൈസൻസിന്റെ പേര് ഡേഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് എന്നതിന് പകരം ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റുന്നതാണ്. ഫോട്ടോ പതിച്ച ലൈസൻസ് നൽകുന്നതിനാൽ കടകൾക്കും മറ്റ് എല്ലാവിധ സ്ഥാപനങ്ങൾക്കും നഗരസഭകളുടെ നിയന്ത്രണവും അംഗീകാരവും ലഭ്യമാവുന്നതാണ്.

വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും പുറമെ സേവന മേഖലയ്ക്കുകൂടി ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. നിലവിൽ ഉൽപ്പാദനവും വിതരണവും നടത്തുന്ന സ്ഥാപനങ്ങൾക്ക് ഒരേ ഫീസാണ് ഈടാക്കിയിരുന്നത്. ഫാക്ടറികൾക്കും ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾക്കും വെവ്വേറെ ഫീസ് ഈടാക്കുന്നതാണ് ഉചിതമെന്നാണ് സർക്കാർ കരുതുന്നത്. വാണിജ്യ സ്ഥാപനങ്ങളെ നാല് കാറ്റഗറികളായി തിരിച്ച് ലൈസൻസ് ഏർപ്പെടുത്താനാണ് പുതിയ ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്നത്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും തറവിസ്തീർണ്ണം കൂടുതലുമുള്ള ബഹുനില കെട്ടിടങ്ങളുമുള്ള സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ് പോലുള്ളവക്ക് പ്രത്യേകമായ ഫീസ് ഘടനയും ലൈസൻസും ഏർപ്പെടുത്തുന്നതാണ്. പച്ചക്കറി, പലചരക്ക്, ബേക്കറി, പഴം, മറ്റ് ആഹാര സാധനങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്ന കടകൾക്ക് സഞ്ചിത ട്രേഡ് ലൈസൻസ് (കൃമുലേറ്റീവ് ട്രേഡ് ലൈസൻസ്) നൽകും. സ്റ്റുഡിയോ, പ്രസ്, വെയിങ്ങ് ബ്രിഡ്ജ്, ക്ലിനിക്കൽ ലാബ്, ടെയ്‌ലറിംഗ്, ട്യൂഷൻ സെന്ററുകൾ തുടങ്ങിയവയ്ക്ക് ജോബ് സർവീസ് ലൈസൻസാണ് നൽകുക. പെട്ടിക്കടകൾ ഉൾപ്പെടെ, എട്ട് ചതുരശ്ര മീറ്ററിൽ താഴെ വിസ്തൃതിയുള്ള ചെറിയ കടകൾക്ക് കുറഞ്ഞ നിരക്കിലുള്ള ഫീസ് ആണ് ഉദ്ദേശിക്കുന്നത്. നിലവിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരും. അതുകൊണ്ടുതന്നെ ഇപ്പോൾ ഉള്ളതിനെക്കാൾ മൂന്നിരട്ടിയെങ്കിലും കൂടുതൽ സ്ഥാപനങ്ങളും ഓഫീസുകളും ലൈസൻസ് ഫീസ് ഈടാക്കുന്നവയുടെ പട്ടികയിൽ വരും. മാത്രമല്ല, നഗരങ്ങളിലെ സ്ഥാപനങ്ങളെല്ലാം നഗരസഭകളുടെ അറിവോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ സാധിക്കും. പുതിയ മാനദണ്ഡ പ്രകാരം ലൈസൻസ് ഫീസ് കണക്കാക്കുമ്പോൾ നഗരസഭകളുടെ വരുമാനത്തിൽ കാര്യമായ വർദ്ധനവും വരും.

LIBRARY ARCHIVES Kerala Legislative Assembly